# അമ്പിളിത്തോണി

**നീലക്കടലിൽ  ആടിയുലഞ്ഞ്**

**പോകുന്നുണ്ട്  കളിത്തോണി .**

**ചെറുതായ് ,ചെറുതായ്**

**പോയിമറഞ്ഞത്**

**കടലിന്നക്കരെ തീരത്തോ ?**

**തോണിനിറച്ചും വൈരക്കല്ലോ**

**മിന്നുന്ന മിന്നാമിനുങ്ങാണോ?**

**ഉതിർന്നു വീഴും മണിയോരോന്നും**

**തിളങ്ങി കടലിൻ മുത്തുകളായ് .**

#ഏതായിരിക്കും ആ നീലക്കടൽ ?

#ചെറുതായി,ചെറുതായി മാറുന്ന കളിത്തോണി ഏതാണ് ?

#കടലിലെ തിളങ്ങുന്ന മുത്തുകൾ നിങ്ങൾ കണ്ടിട്ടുണ്ടോ? അവയെന്താണ്?

എല്ലാവരും കവിത നന്നായി വായിച്ചില്ലേ .എന്നാൽ ആ നീലക്കടൽ വരച്ചോളൂ .കടലിൽ തോണിയും,തിളങ്ങുന്ന മുത്തുമണികളും വേണം .നിറം നൽകിയാൽ ഭംഗി കൂടും .

***കവിത പാടി ടീച്ചർക്ക് അയച്ചു തരണം .**

**ജി എൽ പി സ്കൂൾ വട്ടേനാട്**